# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി: 06.03.2026

## പ്രസിദ്ധീകരണത്തിന്

### പാരമ്പര്യത്തെയും ആധുനികതയെയും കൂട്ടിച്ചേർത്തുകൊണ്ടുള്ള പദ്ധതികളും കോഴ്സുകളും ആരംഭിക്കും; അന്താരാഷ്ട്ര തലത്തിൽ വിദ്യാർത്ഥികളെ ആകർഷിക്കും: പ്രൊഫ. സിസ തോമസ്

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പാരമ്പര്യത്തെയും ആധുനികതയെയും കൂട്ടിച്ചർത്തുകൊണ്ടുള്ള പദ്ധതികളും കോഴ്സുകളും ആവിഷ്ക്കരിക്കും. കാലാനുസൃതമായ രീതിയിൽ സംസ്കൃത ഭാഷയുടെയും സർവ്വകലാശാലയുടെയും തനിമ നിലനിർത്തിക്കൊണ്ട് ന്യൂജൻ കോഴ്സുകൾ ആരംഭിച്ച് അന്താരാഷ്ട്ര തലത്തിൽ സർവ്വകലാശാലയിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാൻ ശ്രമിക്കുമെന്ന് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പുതിയ വൈസ് ചാൻസലറായി നിയമിതയായ പ്രൊഫ. സിസ തോമസ് പറഞ്ഞു. സർവ്വകലാശാലയുടെ വൈസ് ചാൻസലറായി ചുമതലയേറ്റതിന് ശേഷം കാലടി കാമ്പസിലെ ഭരണ നിർവ്വഹണ സമുച്ചയത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു പ്രൊഫ. സിസ തോമസ്.

"സംസ്കൃതത്തിന്റെ പാരമ്പര്യജ്ഞാനത്തെ, ആധുനിക ശാസ്ത്രത്തോടും സാങ്കേതിക വിദ്യയോടും ബന്ധിപ്പിക്കുന്ന പഠനങ്ങളെ പ്രോത്സാഹിപ്പിക്കും. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണ പദ്ധതികളും കോഴ്സുകളും ആരംഭിക്കത്തക്ക വിധത്തിൽ സർവ്വകലാശാലയുടെ അക്കാദമിക നിലവാരം ശക്തിപ്പെടുത്തും", പ്രൊഫ. സിസ തോമസ് പറഞ്ഞു.

"ആദി ശങ്കരാചാര്യരുടെ ജന്മംകൊണ്ട് പരിപാവനമായ കാലടിയിലെത്തി ശ്രീശങ്കരാചാര്യരുടെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട സർവ്വകലാശാലയുടെ വൈസ് ചാൻസലറായി ചുമതലയേൽക്കുവാൻ സാധിച്ചത് ഭാഗ്യമായി കരുതുന്നു" എന്ന ആമുഖത്തോടെയാണ് പ്രൊഫ. സിസ തോമസ് പറഞ്ഞ് തുടങ്ങിയത്. "ശങ്കരാചാര്യർ തന്റെ ദർശനങ്ങൾ ഭാരതത്തിലെങ്ങും പ്രചരിപ്പിക്കുന്നതിനായി നാല് മഠങ്ങൾ സ്ഥാപിച്ചു. സർവ്വകലാശാലകളുടെ

ആദ്യ രൂപമായി ഈ മഠങ്ങളെ നമുക്ക് കാണാവുന്നതാണ്. ഒരു ആശയം രൂപീകരിക്കുക, അത് പകർന്ന് നൽകുവാൻ കൃത്യമായ ആസൂത്രണത്തോടെ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുക. അതിന് ചുമതലക്കാരെ നിശ്ചയിക്കുക. ഇന്നത്തെ കാലത്ത് പോലും വെല്ലുവിളികൾ നേരിടുന്ന വിദ്യാഭ്യാസ രംഗത്തെ, നൂറ്റാണ്ടുകൾക്ക് മുമ്പേ ശ്രീശങ്കരാചാര്യർ സമർത്ഥമായി ആവിഷ്ക്കരിച്ചു", പ്രൊഫ. സിസ തോമസ് പറഞ്ഞു.

"സംസ്കൃത സർവ്വകലാശാല നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിശോധിച്ച്, പരിഹരിക്കുന്നതിനായി സർക്കാരിന്റെ സഹായം തേടും. നാളെ സർവ്വകലാശാലയിലെത്തുന്ന ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവുമായി സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യും. സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കുന്നതിന് നടപടികൾ സ്വീകരിക്കും. തോറ്റ ബി. എഫ്. എ. വിദ്യാർത്ഥിയെ ജയിപ്പിച്ച നടപടി പരിശോധിക്കും. ന്യൂജനറേഷൻ സർവ്വകലാശാലകളെയാണ് ഞാൻ ഇതേവരെ കണ്ടിട്ടുള്ളത്. പുതുതലമുറ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും", പ്രൊഫ. സിസ തോമസ് പറഞ്ഞു.

രാവിലെ 9.30 ന് സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെത്തിയ ഡോ. സിസ തോമസിനെ രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് ബൊക്കെ നൽകി സ്വീകരിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു, ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട്ട് എന്നിവർ സന്നിഹിതരായിരുന്നു.

**അടിക്കുറിപ്പ്:**

**ഫോട്ടോ ഒന്ന്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പുതിയ വൈസ് ചാൻസലറായി ചുമതലയേൽക്കുന്നതിനായി കാലടി മുഖ്യ കാമ്പസിലെത്തിയ പ്രൊഫ. സിസ തോമസിനെ രജിസ്ട്രാർ ഡോ. മോത്തി ജോർജ് ബൊക്കെ നൽകി സ്വീകരിക്കുന്നു.

**ഫോട്ടോ രണ്ട്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വൈസ് ചാൻസലറായി ചുമതലയേറ്റതിന് ശേഷം പ്രൊഫ. സിസ തോമസ് മാധ്യമങ്ങളോട് സംസാരിക്കുന്നു.

**ഫോട്ടോ മൂന്ന്, നാല്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പുതിയ വൈസ് ചാൻസലറായി നിയമിതയായ പ്രൊഫ. സിസ തോമസ് കാലടി മുഖ്യ കാമ്പസിലെ ഭരണ നിർവ്വഹണ സമുച്ചയത്തിലെത്തി ചുമതലയേൽക്കുന്നു.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075